28/12/21
04/12/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 391(6)/2021 *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3233/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. പി. ഗോപി,<br>അസ്സി. കമാണ്ടന്റ് (റിട്ട),<br>ആതിര, ചിലക്കൂർ,<br>വർക്കല പി.ഒ, തിരുവനന്തപുരം. | അപ്പീൽ ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം,<br>പ്രിയദർശിനി പ്ലാനിറ്റോറിയം,<br>വികാസ് ഭവൻ പി.ഒ,<br>തിരുവനന്തപുരം – 695 033.<br>2. അപ്പീൽ അധികാരി ,<br>കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം,<br>പ്രിയദർശിനി പ്ലാനിറ്റോറിയം,<br>വികാസ് ഭവൻ പി.ഒ,<br>തിരുവനന്തപുരം – 695 033. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09/09/2020, 22/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/10/2020, 21/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/10/2020, 25/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/12/2020, 23/02/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 15/04/2021, 03/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/06/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 30/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി. ഗോപി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച 2 വിവരാവകാശ അപേക്ഷകൾക്കും ലഭ്യമായ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചെന്നും ആയതിനും തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 09.09.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ശ്രീ. ജിത്തു ജി.എൽ., ആതിര, ചിലക്കൂർ, വർക്കല എന്ന വ്യക്തി 01.07.2017 മുതൽ 20.07.2018 വരെയുള്ള കാലഘട്ടത്തിൽ എതിർകക്ഷി ഓഫീസിൽ ജോലി ചെയ്തിട്ടുണ്ടോ എന്നും അത് ഏത് തസ്തിക യിലാണെന്നും, ഏതൊക്കെ പ്രൊജക്ടുകളിലാണെന്നും, എത്ര ദിവസമാണെന്നു മാണ്.

3. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 22.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ശ്രീ. ജിത്തു 2017 ജൂലൈ 1 മുതൽ 2018 ജൂലൈ 31 വരെ ഈ സ്ഥാപനത്തിന് ആവശ്യമായ പ്രദർശന വസ്തുക്കളും അനുബന്ധ രേഖകളും ആവശ്യാനുസരണം തയ്യാറാക്കി നൽകിയതിനുള്ള പ്രതിഫലം ലഭിക്കുന്നതിന് വൗച്ചറുകൾ നൽകിയിട്ടുണ്ടോ എന്നും, ആകെ എത്ര ദിവസത്തെ വൗച്ചറുകൾ നൽകിയിട്ടുണ്ടെന്നും, വൗച്ചർ പ്രകാരം എത്ര ദിവ സത്തെ പ്രതിഫലം കൈപ്പറ്റിയിട്ടുണ്ടെന്നും, എത്ര തുക പ്രതിഫലമായി കൈപ്പറ്റി യിട്ടുണ്ടെന്നും, ടി വൗച്ചറുകളുടെ പകർപ്പുകളുമാണ്.

4. ഹർജിക്കാരന്റെ 09.09.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 14.10.2020 ലും 22.12.2020 ലെ അപേക്ഷയ്ക്ക് 21.01.2021 ലും മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. 14.10.2020 ലെ മറുപടിയിൽ ശ്രീ. ജിത്തു ജി. എൽ. 01.07.2017 മുതൽ 20.07.2018 വരെയുള്ള കാലഘട്ടത്തിൽ ടി സ്ഥാപനത്തിൽ ജോലി ചെയ്തിട്ടില്ല എന്ന മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയത്. ആയത് തൃപ്തികരമല്ലാത്തതിനാൽ ടി മറുപടിക്കെതിരെ 27.10.2020 ൽ രണ്ടാം

RIGHT TO INFORMATION

എതിർകക്ഷി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആയതിന് 17.12.2020 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്. ടിയാന്റെ 22.12.2020 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 21.01.2021 ൽ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 25.01.20201 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 23.02.2021 ൽ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

5. രണ്ടാം എതിർകക്ഷി 11.06.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ശ്രീ. ജിത്തു ജി.എൽ., ആതിര, ചിലക്കൂർ, വർക്കല എന്ന വ്യക്തി 25.06.2016 മുതൽ 24.06.2017 വരെ കാലയളവിൽ മെക്കാനിക്ക് എൻജിനീയറിംഗ് അപ്രന്റീസ് ട്രെയിനിയായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പ്രവർത്തിച്ചിട്ടുണ്ടെന്നും തുടർന്ന് ടി മ്യൂസിയത്തിന്റെ വിവിധ സയൻസ് പ്രൊജക്ടുകളുമായി ബന്ധപ്പെട്ട പ്രദർശന വസ്തുക്കളും രൂപരേഖകളും തയ്യാറാക്കി നൽകിയതിനുള്ള പ്രതിഫലമായി 2018 ജനുവരി മാസം മുതൽ 2018 ജൂലൈ വരെയുള്ള കാലയളവിൽ 18 തവണകളിലായി ആകെ 1,24,000/- രൂപ നൽകിയിട്ടുള്ളതാണെന്നും ആയത് സ്ഥാപനത്തിലെ ഏതെങ്കിലും തസ്തികകളിലോ പ്രോജക്ടിലോ ജോലി ചെയ്തിട്ടുള്ള വേതനം അല്ല എന്നും പ്രദർശന വസ്തുക്കളും രൂപരേഖകളും തയ്യാറാക്കി നൽകിയതിന്റെ പ്രതിഫലമാണെന്നും പ്രസ്തുത ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അപേക്ഷകൻ തന്നെ ലഭ്യമാക്കിയിരുന്നുവെന്നും കൂടാതെ ചെക്ക് നമ്പറും തുകയും ബന്ധപ്പെട്ട ഉത്തരവുകളും ടിയാൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരുന്നെന്നും ആയതിന്റെ രേഖകളുടെ പകർപ്പിനായി 134/- രൂപ ചെലാൻ അടച്ച രസീത് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ടിയാൻ ചെലാൻ ഹാജരാക്കിയിട്ടില്ലാത്തതിനാൽ രേഖകൾ നൽകിയിട്ടില്ലെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 2 വിവരാവകാശ അപേക്ഷകൾക്കും 2 അപ്പീൽ അപേക്ഷകൾക്കും എതിർകക്ഷികൾ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചതായി കാണുന്നത്. 30.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചതിനു ശേഷം ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യ

പ്പെട്ടിരുന്ന വിവരങ്ങളും രേഖകളും ലഭ്യമായെന്നും ആയതിനാൽ ടിയാൻ കമ്മീഷനിൽ നൽകിയ അപ്പീലപേക്ഷ പിൻവലിക്കുകയാണ് എന്നും ടിയാൻ മൊഴി നൽകിയിട്ടുള്ളതാണ്. കൂടാതെ ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിയുടെ മൊഴി പരിശോധിച്ചതിലും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ മറുപടി നൽകാതിരിക്കുവാനോ കാലതാമസം വരുത്തുന്നതിനോ മന:പൂർവ്വമായോ, ബോധപൂർവ്വമായോ എതിർകക്ഷി ഭാഗത്തുനിന്നും യാതൊരുവിധമായ പ്രവർത്തനങ്ങളും ഉണ്ടായിട്ടില്ല എന്ന് കാണുന്നു. അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമായി എന്ന ടിയാന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 4-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm